ഭരണഭാഷ - മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorprinting@yahoo.com

നം. 6629/2017/ഇ9/ഡി.പി. തീയതി : 02.07.2019

അച്ചടി വകുപ്പ് ഡയറക്ടറിൽ നിന്ന്

എല്ലാ ശാഖാ കാര്യാലയ മേധാവികൾക്കും,

സർ,

വിഷയം:-അച്ചടി വകുപ്പ്-ജീവനക്കാര്യം-ഡിപ്ലോമ അലവൻസ് അനുവദിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന:-1. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.01.2018-ലെ ഇതേ നമ്പർ പരിപത്രം.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 29.05.2018 ലെ ഇതേ നമ്പർ സർക്കാരിലേക്കുള്ള കത്ത്.

കേരള ഗവൺമെന്റ് പ്രസ്സ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ പ്രകാരം അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരിൽ ഡിപ്ലോമ അടിസ്ഥാന യോഗ്യതയുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്ന ഡിപ്ലോമ അലവൻസ് ക്രമപ്രകാരമല്ല എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ആയത് നിർത്തലാക്കുന്നതിനും ക്രമ പ്രകാരമല്ലാതെ നൽകിയ ടി അലവൻസ് ജീവനക്കാരിൽ നിന്നും തിരികെ പിടിക്കാനും ഡിപ്ലോമ അടിസ്ഥാന യോഗ്യത അല്ലാത്ത ഡിപ്ലോമ അലവൻസ് ലഭിക്കുന്ന ജീവനക്കാർക്ക് ആയത് നിർത്തലാക്കേണ്ടതില്ല എന്നും കാണിച്ച് സൂചന (1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് നിരവധി പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൻമേൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ട് സൂചന (2) പ്രകാരം സർക്കാരിലേക്ക് കത്തയച്ചിരുന്നു. ആയതിനെ സംബന്ധിച്ച് ഇതുവരെയും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഡിപ്ലോമ അടിസ്ഥാനയോഗ്യതയായ ജീവനക്കാർക്കും സർക്കാരിന്റെ സ്പഷ്ടീകരണം ലഭിക്കുന്നതു വരെ ടി അലവൻസ് അനുവദിക്കേണ്ടതും സർക്കാർ സ്പഷ്ടീകരണത്തിൽ ടി തുക തിരിച്ചു പിടിക്കാൻ ആവശ്യപ്പെടുന്ന പക്ഷം ടി ജീവനക്കാരിൽ നിന്നും അധികമായി നൽകുന്ന തുക തിരിച്ചു പിടിക്കുന്നതാണ് എന്ന വിവരം അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

അച്ചടി വകുപ്പ് ഡയറക്ടർ